കേരള സർക്കാർ
കാർഷിക വികസന
കർഷക ക്ഷേമ വകുപ്പ്

# ഹരിതദളം

പുസ്തകം 11 | ലക്കം 1 | ഏപ്രിൽ 15 2023

ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ ദ്വൈവാര ഇ-വാർത്ത പത്രിക


അകത്താളുകളിൽ


2 മണ്ണുത്തി കാർഷിക ഗവേഷണ കേന്ദ്രത്തിന്റെ 106–ാം മത് സ്ഥാപിത വാർഷിക ആഘോഷം

3 'ഒപ്പം' ഗോത്രവിഭാഗങ്ങൾക്കുള്ള ഉപജീവനസഹായ പദ്ധതി

4 റബ്ബറിന്റെ താങ്ങുവില ഉയർത്തേണ്ടത് അനിവാര്യം : കൃഷി വകുപ്പ് മന്ത്രി പി. പ്രസാദ്


# കൃഷി– ആദായം, ആരോഗ്യം, ആനന്ദം എന്നീ ആശയങ്ങളെ ബന്ധപ്പെടുത്തി പദ്ധതികൾ തയ്യാറാക്കും കൃഷിമന്ത്രി ശ്രീ. പ്രസാദ്

കൃഷിയിലൂടെ ആദായം, ആരോഗ്യം, ആനന്ദം എന്ന ആശയത്തിൽ ഊന്നിയ പദ്ധതികൾ തയ്യാറാക്കി നടപ്പാക്കുമെന്ന് ബഹു. കൃഷിവകുപ്പ് മന്ത്രി ശ്രീ. പി. പ്രസാദ്. മൂല്യവർദ്ധിത കൃഷി, മൂല്യവർദ്ധിത ഉത്പന്നങ്ങൾ എന്നിവ കേരളജനതയുടെ ആരോഗ്യവും ഭക്ഷ്യസുരക്ഷയും ഒപ്പം കർഷകർക്ക് മെച്ചപ്പെട്ട വരുമാനവും മുൻനിർത്തിയുള്ളതാവണമെന്നും മന്ത്രി പറഞ്ഞു. തിരുവനന്തപുരം സമേതിയിലെ സ്മാർട്ട് ട്രെയിനിങ് ഹാൾ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി.

നവീന സാങ്കേതിക വിദ്യകളിലൂടെ പരിശീലന വിഷയങ്ങൾ കർഷകർക്കും ഉദ്യോഗസ്ഥർക്കും പകർന്നു നൽകുന്നതിനാണ് സ്മാർട്ട് ട്രെയിനിങ് ഹാൾ തയ്യാറാക്കിയിട്ടുള്ളത്. എന്നാൽ കൃഷിവകുപ്പ് നടപ്പാക്കുന്ന സ്മാർട്ട് കൃഷിഭവൻ പദ്ധതി കുറച്ചുകൂടി വിശാലമായ ആശയത്തോട് കൂടെയാണ് നടപ്പിലാക്കുന്നത്. കൃഷിഭവനിലെ അടിസ്ഥാന സൗകര്യവികസനം എന്നതിലുപരി കർഷകർക്ക് സേവനങ്ങളും സഹായങ്ങളും ഓൺലൈനായി വളരെ എളുപ്പത്തിലും സുതാര്യമായും സൗകര്യപ്രദമായും എത്തിക്കുന്നതിനുള്ള ഒരു ബൃഹത്തായ ആശയമാണ് കൃഷിവകുപ്പ് സ്മാർട്ട് കൃഷിഭവനിലൂടെ നടപ്പിലാക്കുന്നത്. മൂല്യവർദ്ധിതകൃഷിമിഷൻ, കേരള ഗ്രോ, കേരള അഗ്രിബിസിനസ് കമ്പനി (കാബ്കോ) തുടങ്ങിയ കൃഷിവകുപ്പിന്റെ വിവിധ പദ്ധതികൾ ഒരേസമയം സമാന്തരമായി നടപ്പാക്കി വരികയാണ്. കർഷകർക്ക് എത്രയും വേഗത്തിൽ ഈ പദ്ധതികളുടെ സേവനങ്ങൾ എത്തിക്കുന്നതിനുള്ള ഊർജ്ജിതമായ പരിശ്രമമാണ് കൃഷിവകുപ്പിന്റെ ഭാഗത്തുനിന്നും ഉണ്ടാകുന്നത്.

കൃഷിക്കൂട്ടങ്ങൾക്കും, കാർഷികോത്പാദന സംഘടനകൾക്കും ചെറുകിട





ചീഫ് എഡിറ്റർ - പത്മം എസ്.
എഡിറ്റർ - ഡോ. ബിന്ദു ഹാരിയറ്റ് ഐവൻ
അസോസിയേറ്റ് എഡിറ്റർ - ബി.കെ. അനിൽ
അസിസ്റ്റന്റ് എഡിറ്റർ - മുഹമ്മദ് റിയാസ്

യന്ത്രങ്ങളും ഡ്രോണുകളും ഉൾപ്പെടെയുള്ള സഹായങ്ങളുടെ വിതരണം, മൂല്യവർദ്ധിത കൃഷിമിഷന്റെയും, കാബ്കോയുടെയുംപ്രവർത്തന ആരംഭം, അഞ്ചിനം ഹൈബ്രിഡ് പച്ചക്കറിവിത്തുകൾ ഉത്പാദിപ്പിച്ച് കർഷകർക്ക് എത്തിക്കൽ, കുട്ടനാട്പാക്കേജ്, കൃഷിവകുപ്പിന്റെ 100 ഉൽപ്പന്നങ്ങൾ ഓൺലൈൻ വ്യാപാരപ്ലാറ്റ്ഫോമുകളിൽ ലഭ്യമാക്കൽ, സോയിൽ ഡാറ്റ ഡിജിറ്റലൈസേഷൻ തുടങ്ങിയ വിവിധ പദ്ധതികൾ കൃഷിവകുപ്പ് സർക്കാരിന്റെ 100 ദിന പരിപാടികളുടെ ഭാഗമായി നടപ്പാക്കും. ഇതിനു പുറമേ കൃഷിക്കൂട്ടങ്ങളെ എയിംസ് പോർട്ടലിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികൾ, നീരയൂണിറ്റുകളുടെ പുനരധിവാസ പാക്കേജ്, വയനാട്-സെന്റർ ഓഫ് എക്സലൻസ് തുടങ്ങിയ പദ്ധതികളും നടപ്പാക്കുന്നുണ്ട്.

കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ പദ്ധതി ചെലവുകൾക്ക് പുറമേ 18 ലക്ഷം രൂപയുടെ വരുമാനം ഉണ്ടാക്കുവാൻ സമേതിക്ക് കഴിഞ്ഞത് നേട്ടമാണെന്ന് ബഹു. കൃഷിമന്ത്രി അഭിപ്രായപ്പെട്ടു. കൃഷിവകുപ്പിന്റെ 2023- 24 വർഷത്തെ വാർഷിക പദ്ധതിയുടെ പ്രകാശനം, സമേതിയുടെ ട്രെയിനിങ് കലണ്ടർ എന്നിവ മന്ത്രി പ്രകാശനം ചെയ്തു.



കൃഷി ഡയറക്ടർ ശ്രീമതി. അഞ്ജു കെഎസ് ഐഎഎസ്, അധ്യക്ഷത വഹിച്ച യോഗത്തിൽ സമേതി ഡയറക്ടർ ശ്രീ. ജോർജ്സെബാസ്റ്റ്യൻ സ്വാഗതവും കൃഷി ഡെപ്യൂട്ടി ഡയറക്ടർ ശ്രീ. ഷിബുകുമാർ നന്ദിയും പറഞ്ഞു.

# മണ്ണുത്തി കാർഷിക ഗവേഷണ കേന്ദ്രത്തിന്റെ 106 – ാം മത് സ്ഥാപിത വാർഷിക ആഘോഷം

മണ്ണുത്തി കാർഷിക ഗവേഷണ കേന്ദ്രത്തിന്റെ 106-ാം മത് സ്ഥാപിത വാർഷിക ആഘോഷങ്ങളുടെ ഭാഗമായി ഫാം ദിനവും, എൻ. എ. എച്ച്. ഇ. പി. – സി. എ. എ. എസ്. ടി. പ്രൊജക്റ്റിന്റെ ആഭിമുഖ്യത്തിൽ 'തെങ്ങ് കൃഷിയും ഉല്പന്ന വൈവിദ്ധ്യവും' എന്ന വിഷയത്തിൽ കാർഷികശില്പശാലയും സംഘടിപ്പിച്ചു. സ്ഥാപന മേധാവി ഡോ. എ. ലതയുടെ അദ്ധ്യക്ഷതയിൽ നടന്ന ചടങ്ങിൽ കാർഷിക സർവ്വകലാശാല ഗവേഷണ വിഭാഗം മേധാവി ഡോ. മധു സുബ്രഹ്മണ്യൻ ശിൽപ്പശാല ഉദ്ഘാടനം നിർവഹിച്ചു. വനശാസ്ത്ര കോളേജിലെ വിദ്യാർത്ഥികൾ സാങ്കേതിക സഹായത്തോടെ തയ്യാറാക്കിയ കാർഷിക ഗവേഷണ കേന്ദ്ര ഫാമിന്റെ ഡിജിറ്റൽ മാപ്പ് സർവ്വകലാശാല രജിസ്ട്രാർ ഡോ. സക്കീർ ഹുസൈൻ അനാച്ഛാദനം ചെയ്തു.



പരിപാടിയോട് അനുബന്ധിച്ച് സംഘടിപ്പിച്ച കാർഷിക പ്രദർശന ഉദ്ഘാടനം ഡോ. ശ്രീവൽസൻ ജെ. മേനോൻ, വിജ്ഞാന വ്യാപന വിഭാഗം അസ്സോസിയേറ്റ് ഡയറക്ടർ നിർവഹിച്ചു. കൊടകര, പുഴക്കൽ ബ്ലോക്ക്തല കാർഷിക വിജ്ഞാന കേന്ദ്രങ്ങളിൽ നിന്നും, ജില്ലയുടെ മറ്റ് പ്രദേശങ്ങളിൽ നിന്നും 200- ൽ പരം കർഷകർ പ്രസ്തുത പരിപാടിയിൽ പങ്കെടുത്തു.

# 'ഒപ്പം' ഗോത്രവിഭാഗങ്ങൾക്കുള്ള ഉപജീവനസഹായ പദ്ധതി

കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസ് സർവ്വകലാശാലയുടെ സംരംഭകത്വ വിഭാഗത്തിന്റെ കീഴിൽസംസ്ഥാന സർക്കാരിന്റെ പ്ലാൻ ഫണ്ട് ഉപയോഗിച്ച്നടപ്പിലാക്കുന്ന “ഒപ്പം” ഗോത്രവിഭാഗങ്ങൾക്കുള്ള ഉപജീവനസഹായ പദ്ധതിയുടെ ഭാഗമായി വെള്ളപ്പൻകണ്ടി ഊരിൽവെച്ച് നേതൃത്വ പരിശീലന ക്യാമ്പ് സംഘടിപ്പിച്ചു. ദത്തെടുത്ത ഗോത്ര ഗ്രാമങ്ങളിലെ സുസ്ഥിരമായ വികസനത്തിന്ആവശ്യമായ നേതൃത്വ പരിശീലന ക്യാമ്പ് ആണ് യുവാക്കൾക്കും യുവതികൾക്കും വേണ്ടി സംഘടിപ്പിച്ചത്. ശ്രീ.മാത്യൂസ്.എ.സി, വയനാട് നാട്ട് കൂട്ടം ആണ്പരിശീലന ക്യാമ്പിന് നേതൃത്വം നൽകിയത്. പ്രസ്തുതചടങ്ങിൽ 20 പേർ പങ്കെടുത്തു. ശ്രീമതി. ജിപ്സ ജഗദീഷ്, റിസർച്ച് അസിസ്റ്റന്റ് സ്വാഗതവും ചിന്ന വെള്ളപ്പൻകണ്ടിനന്ദിയും പറഞ്ഞു.



# കർഷക ശാസ്ത്രജ്ഞൻ ശ്രീ. അജി തോമസിന് അംഗീകാരം: കെട്ടിനാട്ടികൃഷിരീതി അവതരണം നടത്താൻ രാഷ്ട്രപതി ഭവനിലേക്ക് പ്രത്യേക ക്ഷണം

വയനാട് അമ്പലവയൽ സ്വദേശിയും കർഷകനുമായ ശ്രീ. അജി തോമസിന്റെകെട്ടിനാട്ടികൃഷിരീതിക്ക് പ്രത്യേക അംഗീകാരം. ഫെസ്റ്റിവൽ ഓഫ് ഇന്നവേഷൻസ്ആൻഡ്എന്റർപ്രണർഷിപ്പ് (FINE) മേളയിൽ അദ്ദേഹത്തിന്റെ കണ്ടുപിടിത്തം അവതരിപ്പിക്കുന്നതിനായി രാഷ്ട്രപതി ഭവനിൽ നിന്നും പ്രത്യേക ക്ഷണം ലഭിച്ചു. ന്യൂഡൽഹിയിൽ ഏപ്രിൽ 10മുതൽ 13 വരെയാണ് മേള നടക്കുന്നത്. സംസ്ഥാന സർക്കാരിനെ പ്രതിനിധീകരിക്കുന്ന ശ്രീ. അജി തോമസിന്റെ യാത്രാ ചെലവുകളുൾപ്പടെയുള്ളവ കൃഷിവകുപ്പ് വഹിക്കുന്നതിനുള്ള ഉത്തരവ് ഇറങ്ങി.

കുറഞ്ഞ ചെലവിൽ കൂടുതൽ വിളവ് ലഭിക്കുന്ന നെൽകൃഷി രീതിയാണ് കെട്ടിനാട്ടി കൃഷി രീതി. വയനാട്ടിലെനെൻമേനിയിൽ നിന്നും ഈ കൃഷി രീതി കേരളത്തിൽ അങ്ങോളമിങ്ങോളം ഉള്ള കർഷകർ പരീക്ഷിച്ച് വിജയം കണ്ടെത്തുന്നുണ്ട്. മുളപ്പിച്ച നെൽച്ചെടികൾക്ക് നഴ്സറിയിൽ ആവശ്യമായ മുഴുവൻ മൂലകങ്ങളെയും ജൈവ രീതിയിൽ നൽകി



പരിചരിച്ച് വയലിലേക്ക് നിക്ഷേപിക്കു വാൻ പരുവത്തിലേക്ക് മാറ്റുന്നതിനുള്ള ഒരു സാങ്കേതികത്വമാണ് കെട്ടിനാട്ടിയിലേത് പഞ്ചഗവ്യത്തിൽ സമ്പുഷ്ടീകരിച്ച ജൈവ വളക്കൂട്ടിൽ ഉണർത്തിയനെൽ വിത്തിനെ കളിക്കൂട്ടുമായി ചേർത്ത് ചുറ്റ ണ്ടയാക്കി പാടത്ത് വിതറുകയോ നാട്ടു കയോ ചെയ്യുന്നതാണ് ഇതിന്റെ രീതി ശാസ്ത്രം. നെന്മേനിച്ചുറ്റണ്ട ഞാറ്റടി എന്ന പേരിൽ ഇത് പ്രചരിച്ച് വരുന്നു.

ഈ ഞാറ്റടി സമ്പ്രദായത്തിന് പരമ്പരാഗത രീതികളുമായുള്ള പ്രധാന വ്യത്യാസം നെല്ലിന് ഉണ്ടാവുന്ന സ്ട്രെസ്സ് പിരീഡ് ഇല്ലാതാക്കുന്നു എന്നതാണ്. അതോടൊപ്പം ഒരേക്കറിന് പരമാവധി വിത്തളവ് 5 കിലോഗ്രാം മാത്രമാണ്. ഓരോ ചുവട് നെല്ലും സൂക്ഷ്മാണുക്കളുടെ കോളനി ആയി പ്രവർത്തിക്കുന്നതിനാൽ മണ്ണ് സമ്പുഷ്ടീകരിക്കപ്പെടുന്നു. രാസവളങ്ങളെ ഒഴിവാക്കാം എന്നതിനാൽ പ്രകൃതി കൃഷിക്ക് പദ്ധതികളാവിഷ്കരിക്കുന്നതിൽ ഈ കൃഷിരീതിഉൾപ്പെടുത്താവുന്നതുമാണ്. ഈ രീതിയിൽ നെല്ലിന് നല്ല വിളവ് ലഭിക്കുന്നു എന്ന് മാത്രമല്ല കാലാവസ്ഥാ വ്യത്യാസങ്ങളെയും വരൾച്ചയെയുംപ്രതിരോധിക്കുന്നതിനോടൊപ്പം ചെലവ് 80% വരെ കുറക്കുന്നതിനും ഈ രീതികൊണ്ട് സാധിക്കുന്നു എന്നതാണ് കാണാൻ കഴിയുന്നത്. 50 മുതൽ 60 നമ്പർ വരെ ചിനപ്പുകൾ ഉണ്ടാകുന്നു എന്നതും, കൂടുതൽ ധാന്യം ഒരു ചെടിയിൽ നിന്നും ലഭിക്കുന്നു എന്നതും പ്രത്യേകതയാണ്. നാടൻ നെല്ലിനങ്ങൾക്ക് പോലും ഒരു ഹെക്ടറിൽ നിന്നും 5.5 ടൺ ഉല്പാദനക്ഷമതയും ഈ രീതി വഴി ഉണ്ടാകുന്നുണ്ട്.

ഒരു സാധാരണ കുടുംബത്തിന് വീട്ടു മുറ്റത്ത് നിന്ന് ചെയ്യെടുക്കാവുന്ന ലളിതമായ പ്രവർത്തന തത്വമാണ് കെട്ടിനാട്ടിക്കുള്ളത്. എന്നാൽ ഒരു പൊതു കേന്ദ്രത്തിൽ നിന്നും കർക്കശമായ ഗുണ നിലവാര വ്യവസ്ഥകളോടെ ഞാറ്റടി ഉൽപാദിപ്പിച്ചെടുക്കുന്നതാവും പ്രാദേശികമായും സൗകര്യപ്രദം. ഈ രീതി വികസിപ്പിച്ചതും രൂപം നല്കിയതും അജി തോമസാണ്. കേരളത്തിൽ നിന്നും ക്ഷണം ലഭിച്ച 5 കർഷകരിൽ നെൽകൃഷിയിലെ കണ്ടുപിടിത്തത്തിന് അംഗീകാരം ലഭിച്ചിട്ടുള്ളത് അജി തോമസിന് മാത്രമാണ്. 2017ൽ നടന്ന KSCSTE യുടെ റൂറൽ ഇന്നോവേറ്റർസ് മീറ്റിൽ ഈ കൃഷിരീതി അവതരിപ്പിച്ച് ശ്രീ. അജി തോമസിന് ഒന്നാം സമ്മാനം ലഭിച്ചിട്ടുണ്ട്.

# കാർഷിക സർവകലാശാലക്ക് കാർഷിക യന്ത്രങ്ങളിൽ പേറ്റന്റ്

കേരള കാർഷിക സർവ്വകലാശാല കാർഷിക അധ്വാനം ലഘൂകരിക്കുന്നതിനുള്ള രണ്ട് യന്ത്രങ്ങൾക്കുള്ള പേറ്റന്റ് നേടി. വാഴ കന്ന പിഴുതെടുക്കുന്ന യന്ത്രത്തിനും ചുർക്കയുടെ തൊലി കളയുന്ന യന്ത്രത്തിനുമാണ് കാർഷിക സർവ്വകലാശാലയ്ക്ക് പേറ്റന്റ് ലഭിച്ചത്. വാഴക്കന്നെ പിഴുതെടുക്കുന്ന യന്ത്രം ഉപയോഗിച്ച് വാഴക്കന്നുകൾക്ക് കേടുവരാതെ മാതൃസസ്യത്തിൽ നിന്നും പിഴുതെടുക്കുന്നതിനു സാധിക്കും. പരമ്പരാഗത രീതിയിൽ ഇരുമ്പും പാരയും ഉപയോഗിച്ച് വാഴക്കന്ന് പിഴുതെടുക്കുമ്പോൾ കന്നുകൾക്ക് കേടുപാടുകൾ സംഭവിക്കാനുള്ള സാധ്യതയുണ്ട്. കൃഷിയിടങ്ങളിൽ ഉപയോഗിക്കുന്ന ട്രാക്ടർ പോലുള്ള ഹൈഡ്രോളിക് യന്ത്രങ്ങളിൽ നേരിട്ടോ അല്ലാതെയോ ബന്ധിപ്പിച്ച് ഈ യന്ത്രം ഉപയോഗിക്കാം. ഒരു ഹൈഡ്രോളിക് സിലിണ്ടർ, കൊഴു, ഹൈഡ്രോളിക് പൈപ്പ്, നിയന്ത്രണ വാൽവ് എന്നിവയാണ് ഈ യന്ത്രത്തിന്റെ ഭാഗങ്ങൾ. ട്രാക്ടറിനോടു ബന്ധിപ്പിച്ചിട്ടുള്ള കൊഴു മണ്ണിൽ താഴ്ത്തി വാഴക്കന്നുകൾ പിഴുതെടുക്കുകയും ആണ് ചെയ്യുന്നത്. യന്ത്രത്തിന്റെ ഫീൽഡ് കപ്പാസിറ്റി 0.19 ഹെക്ടർ / മണിക്കൂർ ആണ്. ഒരു




ദിവസം 180 വാഴകളിൽ നിന്നും ഈ യന്ത്രം ഉപയോഗിച്ച് വാഴ കന്നുകൾ പിഴുതു മാറ്റാം .വാഴ കന്നുകൾ പിഴുതു മാറ്റുന്നതിനുള്ള ചെലവ് ഈ യന്ത്രം ഉപയോഗിച്ച് നാലിൽ മൂന്ന് ആയി കുറയ്ക്കാൻ സാധിക്കും.

വീട്ടുകളിൽ ഉപയോഗിക്കുന്ന ഗ്രൈൻഡറിൽ ഘടിപ്പിക്കാവുന്ന ഒരു യന്ത്രം ആണ് ചുർക്കയുടെ തൊലി കളയുന്നതിനുള്ളത് .ചുർക്കയുടെ തൊലി കളയുന്ന പീലിംഗ് യൂണിറ്റും നിയന്ത്രണ ദണ്ഡുമാണ് ഈ യന്ത്രത്തിന്റെ ഭാഗങ്ങൾ. ചുർക്കയുടെ തൊലി കൂടുതൽ കളയുന്നതും എന്നാൽ പൊട്ടൽ നിയന്ത്രിക്കുകയും ചെയ്യുന്ന രീതിയിലാണ് ഈ യന്ത്രത്തിന്റെ രൂപകൽപ്പന. ചുർക്ക

തൊലിയോട് കൂടി ഈ യന്ത്രത്തിൽ ഇട്ടുകൊടുത്ത് വെള്ളം ഒഴിച്ച് യന്ത്രം പ്രവർത്തിപ്പിക്കാം .ഒരു മണിക്കൂറിൽ 15 കിലോ കൂർക്ക ഈ യന്ത്രം ഉപയോഗിച്ച് തൊലി കളഞ്ഞെടുക്കുന്നതിന് സാധിക്കും.കൂർക്ക കൂടാതെ ചെറുകിഴങ്ങ്, ചക്കക്കുരു എന്നിവയും ഈ യന്ത്രം ഉപയോഗിച്ച് തൊലി കളയാം

കാർഷിക സർവ്വകലാശാലക്കു കീഴിലുള്ള തവനൂരിലെ കേളപ്പജി കാർഷിക എൻജിനീയറിങ് കോളേജിൽ ഡോ. ജയൻ പി ആർ, ഫാക്കൽറ്റി ഡീൻ (അഗ്രി. എൻജിനീയർ), ശ്രീ ഹരികൃഷ്ണൻ എം (വിദ്യാർത്ഥി), ശ്രീമതി. അശ്വതി വി (വിദ്യാർത്ഥി), ശ്രീ കെ ആർ അജിത്കുമാർ (റിസർച്ച് അസിസ്റ്റന്റ്) എന്നിവർ വാഴ കന്നു പിഴുതെടുക്കുന്ന യന്ത്രം വികസിപ്പിക്കുന്നതിനും ഡോ. ജയൻ പി ആർ, ഡോ. ടി ആർ ഗോപാലകൃഷ്ണൻ , കെഎയു ഗവേഷണ വിഭാഗം മേധാവി (റിട്ട) എന്നിവർ കൂർക്കയുടെ തൊലി കളയുന്ന യന്ത്രം വികസിപ്പിക്കുന്നതിനും നേതൃത്വം നൽകി

# ഇസ്രായേൽ കൃഷിരീതികൾ കേരളത്തിൽ യാഥാർത്ഥ്യമാകുന്നു



കൃഷിവകുപ്പിന്റെ നേതൃത്വത്തിൽ ഇസ്രായേലിലേക്ക് കൃഷി പഠിക്കാൻ പോയ കർഷകർ അവിടത്തെ നൂതന കൃഷിരീതികൾ കേരളത്തിൽ യാഥാർത്ഥ്യമാക്കുന്നു. കൃഷിവകുപ്പിൻ്റെ നേതൃത്വത്തിൽ ഇസ്രയേൽ സന്ദർശിച്ച 27 അംഗ സംഘത്തിലുണ്ടായിരുന്ന യുവ കർഷകൻ ശ്രീ. സുജിത്താണ് ചേർത്തല തെക്ക് ഗ്രാമപഞ്ചായത്തിലെ അർത്തുങ്കലിലെ കൃഷിയിടത്തിലാണ് ഇസ്രയേലിലെ നൂതന കൃഷിരീതികൾ അവലംബിച്ച് കൃഷിയിറക്കുന്നത്. ഒരേക്കർ വരുന്ന കൃഷിയിടത്തിൽ വിവിധയിനങ്ങളിലായി 1000 ടിഷ്യുകൾച്ചർ വാഴകളാണ് സുജിത്ത്



കൃഷി ചെയ്യുന്നത്. ബഹു. കൃഷിമന്ത്രി പി.പ്രസാദ് നടീൽ ഉദ്ഘാടനം ചെയ്തു. ഇസ്രയേൽ സന്ദർശിച്ച 27 കർഷകരും, അവർ മനസ്സിലാക്കിയ കൃഷിരീതികൾ ആദ്യഘട്ടത്തിൽ സ്വന്തം കൃഷിയിടത്തിലും, ശേഷം മറ്റുള്ളവരുടെ കൃഷിയിടത്തിലും നടപ്പിലാക്കുമെന്ന് മന്ത്രി പറഞ്ഞു. അതിൻറെ തുടക്കമാണ് സുജിത്തിന്റെ കൃഷിയിടമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ഇത്തരം നൂറുകണക്കിന് കൃഷിയിടങ്ങൾ കേരളത്തിൽ ഉണ്ടാകുമെന്നും മന്ത്രി പറഞ്ഞു.

വെള്ളത്തിന്റെയും വളത്തിന്റെയും ഉപയോഗം പരിമിതപ്പെടുത്തി, ആധുനിക ശാസ്ത്ര സാങ്കേതികവിദ്യയുടെ സഹായത്തോടെ, ചിലവ് കുറച്ച് കൂടുതൽ വിളവും വരുമാനവും ലഭിക്കുന്ന തരത്തിലുള്ള ഇസ്രയേലിലെ നൂതന കൃഷിരീതി നടപ്പിലാക്കുന്നതോടെ കേരളത്തിൻറെ കാർഷികരംഗത്ത് പുത്തനുണർവ് ഉണ്ടാകുമെന്നും മന്ത്രി പ്രത്യാശിച്ചു.

ഇസ്രയേൽ കൃഷിരീതികൾ പ്രകാരം കാറ്റിനേയും കീടങ്ങളേയും ചെറുക്കുവാൻ ഷീറ്റുകൾ കൊണ്ട് കൃഷിയിടത്തിന് സംരക്ഷണമൊരുക്കിയും, വളരെ ചെറിയ അകലത്തിൽ മൂന്ന് വാഴത്തൈകൾ വരെ നട്ടുമാണ് ശ്രീ. സുജിത്ത് കൃഷിയിറക്കുന്നത്. മാത്രമല്ല ഈ വാഴ കൂട്ടങ്ങൾ തമ്മിൽ 2 മീറ്റർ അകലമാണ് നൽകിയിരിക്കുന്നത് ഇവിടെയാണ് പച്ചക്കറി വിളകളായ വെള്ളരി, മത്തൻ, കുമ്പളം, തുടങ്ങിയവ ഇടവിളയായി നട്ടിട്ടുണ്ട്. കൂടാതെ തീരദേശപ്രദേശത്തോട് വളരെച്ചേർന്ന് കിടക്കുന്ന വളക്കൂറ് വളരെ കുറവുള്ള ചൊരിമണൽ പ്രദേശം യന്ത്രസഹായത്തോടെ കൃഷിക്കായി ഒരുക്കി, കോഴിവളം, ഉണക്കചാണകം, കമ്പോസ്റ്റ്, ഉമിക്കരി എന്നിവയാണ് അടിവളമായി നൽകിയിട്ടുള്ളത്. ടൈമറിൻറേയും സെൻസറിൻറേയും സഹായത്തോടെ കൃത്യതാ കൃഷിരീതിയിലൂടെ വെള്ളവും, വളവും കൃത്യമായ അളവിൽ തൈകളുടെ ചുവട്ടിൽ ലഭ്യമാക്കാനുള്ള സംവിധാനങ്ങളോക്കെ ശ്രീ. സുജിത്ത് കൃഷിയിടത്തിൽ ഒരുക്കിയിട്ടുണ്ട്.



ചേർത്തല തെക്ക് ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് ശ്രീമതി. സിനിമോൾ സാംസൺ, വൈസ് പ്രസിഡൻറ് ശ്രീ. നിബു എസ്. പത്മം, പ്രിൻസിപ്പൽ കൃഷി ഓഫീസർ ശ്രീ. സിബി ടി നീണ്ടിശ്ശേരി, കൃഷി അസിസ്റ്റൻറ് ഡയറക്ടർ ശ്രീ. റെജി ജി.വി., വികസന കാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ ശ്രീമതി. അജിത ഓ പി, ക്ഷേമകാര്യ സ്റ്റാൻഡിംഗ് ചെയർപേഴ്സൺ ജയറാണി ജീവൻ, സർവീസ് സഹകരണ ബാങ്ക് പ്രസിഡൻറ് ശ്രീമതി. ദുർഗ ദാസ്, സി.ഡി.എസ് ചെയർപേഴ്സൺ ശ്രീമതി. ജയറാണി ആലീസ് വിജയൻ രാഷ്ടീയ പാർട്ടി പ്രതിനിധികളായ ശ്രീ. കെ.പി മോഹനൻ, ശ്രീ. സന്തോഷ്, ഗ്രാമ പഞ്ചായത്ത് മെമ്പർമാർ, കൃഷി അസിസ്റ്റൻറ് ശ്രീ. സുനിൽ കുമാർ കെ എം എന്നിവർ പങ്കെടുത്തു.

# പ്രൊട്ടക്ഷൻ ഓഫ് പ്ലാന്റ് വെറൈറ്റീസ് ആൻഡ് ഫാർമേഴ്സ് റൈറ്റ്സ് അതോറിറ്റി

കാർഷിക വിളകളുടെ വൈവിധ്യവും കർഷകരുടെ അവകാശങ്ങളും സംരക്ഷിക്കുന്നതിനായി കേന്ദ്ര കൃഷി മന്ത്രാലയത്തിന് കീഴിൽ പ്രവർത്തിക്കുന്ന പ്രൊട്ടക്ഷൻ ഓഫ് പ്ലാന്റ് വെറൈറ്റീസ് ആൻഡ് ഫാർമേഴ്സ് റൈറ്റ്സ് അതോറിറ്റി, കേരളത്തിലെ കർഷക സമൂഹങ്ങളുടെ പരമ്പരാഗത വിളയിനങ്ങളിൻ മേലുള്ള അവകാശങ്ങൾ സംരക്ഷിക്കുന്നതിനുള്ള കേന്ദ്രമായി കേരള കാർഷിക സർവകലാശാലയെ അംഗീകരിച്ചു. 2001ലെ പി പി വി എഫ് ആർ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട വിളയിനങ്ങളുടെ വികസനത്തിൽ ഗണ്യമായ സംഭാവന നൽകിയിട്ടുള്ള കേരളത്തിലെ കർഷക സമൂഹങ്ങൾക്ക് നഷ്ട പരിഹാരം ലഭിക്കുന്നതിനായുള്ള അവകാശം ഫയൽ ചെയ്യുന്നതിനായി വ്യക്തികൾക്കോ സംഘടനകൾക്കോ കേരള കാർഷിക സർവകലാശാലയെ സമീപിക്കാവുന്നതാണ്. ഇതിനായി കർഷകർ ഫീസ് ഒടുക്കേണ്ടതില്ല. വയൽ വിളകൾ, പച്ചക്കറികൾ, ഫലവർഗ വിളകൾ, വൃക്ഷങ്ങൾ, സുഗന്ധവ്യഞ്ജനങ്ങൾ, പുഷ്പ വിളകൾ, തോട്ട വിളകൾ എന്നിവയെ സംബന്ധിച്ച അവകാശങ്ങൾ കേരള കാർഷിക സർവകലാശാല പരിഗണിക്കുകയും അതോറിറ്റിക്കു പരിശോധന റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്യും എന്ന് കേന്ദ്ര സർക്കാർ ഗസറ്റ് നോട്ടിഫിക്കേഷൻ വ്യക്തമാക്കി. കേരളത്തിന്റെ പരമ്പരാഗത ഇനങ്ങൾ സംരക്ഷിക്കുന്നതിന് കേരള കാർഷിക സർവകലാശാലയ്ക്കു ലഭിച്ച പ്രസ്തുത പദവി ഏറെ സഹായകമാകും.

# നിയന്ത്രിത കാലാവസ്ഥ ഗവേഷണ സമുച്ചയം, പന്നിയുൽപ്പാദന കേന്ദ്രത്തിലെ മലിനജലസംസ്കരണ പ്ലാന്റ് എന്നിവയുടെ ഉദ്ഘാടനവും, മാംസ സംസ്കരണ വിഭാഗത്തിന് ഐ.എസ്.ഒ. അംഗീകാരം ലഭിച്ചതിന്റെ പ്രഖ്യാപനവും മണ്ണുത്തിയിൽ നടന്നു

മൃഗസംരക്ഷണ മേഖലയിൽ കാലാവസ്ഥാ വ്യതിയാനം കനത്ത ഉൽപാദന നഷ്ടമുണ്ടാക്കുന്ന സാഹചര്യത്തിൽ ഈ മേഖലയിലെ പ്രശ്നാധിഷ്ഠിത ഗവേഷണങ്ങൾക്കു സാർവ്വദേശീയ പ്രാധാന്യമുണ്ടെന്ന ബഹു. സംസ്ഥാന മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പു മന്ത്രി ശ്രീമതി. ജെ. ചിഞ്ചുറാണി അഭിപ്രായപ്പെട്ടു. വെറ്ററിനറി സർവ്വകലാശാലയുടെ മണ്ണുത്തി കാമ്പസിലെ പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന പഠനകേന്ദ്രത്തിനു കീഴിൽ 2019-20 വർഷത്തെ RKVY-RAFTAAR പദ്ധതിയിൽ 170 ലക്ഷം രൂപ ചെലവഴിച്ച് സ്ഥാപിതമായ ലോകോത്തര നിലവാരത്തിലുള്ള നിയന്ത്രിത കാലാവസ്ഥാ ഗവേഷണ സമുച്ചയം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു സർവ്വകലാശാല പ്രോ ചാൻസലർ കൂടിയായ ബഹു. മന്ത്രി. നിയന്ത്രിത കാലാവസ്ഥയിൽ മൃഗങ്ങളെ നിർത്തി കാലാവസ്ഥാ വ്യതിയാനം മൂലമുള്ള ശാരീരിക സമ്മർദ്ദം മനസ്സിലാക്കി പരിഹാരം കണ്ടെത്തുന്നതിനു സഹായിക്കുന്ന ഈ സംവിധാനം ഭാവിയിലെ സുസ്ഥിര നൂതന ഫാമിങ്ങ് രീതികൾ രൂപപ്പെടുത്തുന്നതിൽ മുതൽക്കൂട്ടാകും എന്നവർ പറഞ്ഞു.

ചടങ്ങിൽ ബഹു. പീരുമേട് എം.എൽ.എ. യും സർവ്വകലാശാല ഭരണസമിതി അംഗവുമായ ശ്രീ. വാഴൂർ സോമൻ അവർകൾ ഈ യോഗത്തിൽ ആദ്ധ്യക്ഷം വഹിച്ചു.

പന്നിയുൽപാദന ഗവേഷണ കേന്ദ്രത്തിൽ പ്രവർത്തനമാരംഭിക്കുന്ന മലിനജല സംസ്കരണ പ്ലാന്റിന്റെ ഉദ്ഘാടനവും ബഹു. മന്ത്രി ശ്രീമതി. ചിഞ്ചുറാണി അവർകൾ നിർവ്വഹിച്ചു. സാധാരണയായി വ്യാവസായികാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന പന്നിഫാമുകൾ ഉയർത്തുന്ന പരിസര മലിനീകരണ ഭീഷണി ചെറുതല്ല. ഇത്തരം സംരംഭങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന കർഷകർക്ക് അനുവർത്തിക്കാവുന്ന ശാ



സ്ത്രീയ മാതൃകയാണ് ഇതെന്ന് അവർ അഭിപ്രായപ്പെട്ടു. ദിനംപ്രതി 80000 ലിറ്റർവരെ മലിനജല സംസ്കരണവും പുനരുപയോഗവും ഇതിലൂടെ സാധ്യമാകും. തൃശ്ശൂർ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിലെ പരിസ്ഥിതി എഞ്ചിനീയറിംഗ് വിദഗ്ദ്ധരുടെ സാങ്കേതിക ഉപദേശപ്രകാരമാണ് അൻപതു ലക്ഷം രൂപ ചെലവഴിച്ച് തൃശ്ശൂർ നിർമ്മിതി കേന്ദ്രം, സുസ്ഥിര ജലവിനിയോഗത്തിന്റെ ഈ മാതൃക പൂർത്തീകരിച്ചത്.

സർവ്വകലാശാലയുടെ മാംസസംസ്കരണ വിഭാഗത്തിന് (മീറ്റ് ടെക്നോളജി യൂണിറ്റ്) ഐ.എസ്.ഒ 22000 : 2018 അംഗീകാരം ലഭിച്ചതിന്റെ ഔദ്യോഗിക പ്രഖ്യാപനം മന്ത്രി നടത്തി. ഉപഭോക്താക്കൾക്ക് നൽകുന്ന മാംസോത്പന്നങ്ങളുടെ സുരക്ഷയും ഗുണനിലവാരവും ഉറപ്പാക്കുന്നതിനുതകുന്ന ഭക്ഷ്യസുരക്ഷാ മാനേജ്മെന്റ് വ്യവസ്ഥ വികസിപ്പിക്കുകയും നടപ്പിലാക്കുകയും ചെയ്തതിനാണ് ഈ അന്താരാഷ്ട്ര അംഗീകാരം ലഭിച്ചത്.

സർവ്വകലാശാലാ പ്രസിദ്ധീകരണങ്ങളായ അക്കാദമിക് കൈപ്പുസ്തകം, കർഷകർ ക്കുള്ള 'മൃഗസംരക്ഷണം-മാറുന്ന കാലാവസ്ഥയിൽ' എന്ന പുസ്തകം, ജന്തുജന്യ രോഗങ്ങളെ കുറിച്ചുള്ള പുസ്തകം, പുതുക്കിയ സർവ്വകലാശാലാ ഗവേഷണനയം എന്നിവയുടെ പ്രകാശനം സർവ്വകലാശാലാ ബോർഡ് ഓഫ് മാനേജ്മെന്റ് അംഗമായ ബഹു. പീരുമേട് എം. എൽ.എ, ശ്രീ. വാഴൂർ സോമൻ അവർകൾ നിർവ്വഹിച്ചു. സർവ്വകലാശാല അക്കാദമിക്സ് ആന്റ് റിസർച്ച് ഡയറക്ടർ പ്രൊഫ. (ഡോ.) സി. ലത പദ്ധതി വിശദീകരണം നൽകി.

തൃശ്ശൂർ കോർപ്പറേഷൻ കൗൺസിലർ ശ്രീമതി. രേഷ്മ ഹെമേജ്, കേരള സംസ്ഥാന വെറ്ററിനറി കൗൺസിൽ പ്രസിഡണ്ട് ഡോ. വി.എം. ഹാരിസ്, സർവ്വകലാശാല സംരംഭകത്വ വിഭാഗം ഡയറക്ടർ പ്രൊഫ. (ഡോ.) ടി. എസ്. രാജീവ്, വെറ്ററിനറി സയൻസ് ഫാക്കൽറ്റി ഡീൻ പ്രൊഫ. (ഡോ.) കെ. വിജയകുമാർ, ഡയറി സയൻസ് ഫാക്കൽറ്റി ഡീൻ പ്രൊഫ. (ഡോ.) എസ്.എൻ. രാജകുമാർ, പൂക്കോട് വെറ്ററിനറി കോളേജ് ഡീൻ പ്രൊഫ. (ഡോ.) എം കെ നാരായണൻ എന്നിവർ ആശംസകൾ അർപ്പിച്ചു. സർവ്വകലാശാല വൈസ് ചാൻസലർ പ്രൊഫ. (ഡോ.) എം. ആർ. ശശീന്ദ്രനാഥ് ചടങ്ങിൽ സ്വാഗതവും, സർവ്വകലാശാല രജിസ്ട്രാർ പ്രൊഫ. (ഡോ.) പി. സുധീർ ബാബു നന്ദിയും പ്രകാശിപ്പിച്ചു.

# കൃഷിവകുപ്പിന്റെ 131 ഫാം ഉത്പന്നങ്ങൾ ഓൺലൈൻ വിപണിയിൽ: ബഹു. കൃഷി മന്ത്രി ശ്രീ. പി. പ്രസാദ്




കൃഷി വകുപ്പിന്റെ 131 ഫാം ഉത്പന്നങ്ങൾ ആമസോൺ, ഫ്ലിപ്കാർട്ട് തുടങ്ങിയ പ്രമുഖ ഓൺലൈൻ പ്ലാറ്റ്ഫോമുകളിൽ ലഭ്യമാക്കിയിട്ടുണ്ടെന്ന് ബഹു. കൃഷിവകുപ്പ് മന്ത്രി ശ്രീ. പി. പ്രസാദ്. കർഷകർക്ക് മൂല്യവർദ്ധനവിലൂടെ മികച്ച വരുമാനം ലഭ്യമാക്കുന്നതിന്റെ ആദ്യ പടിയായാണ് ഉത്പന്നങ്ങൾ ഓൺലൈനിൽ എത്തിച്ചതെന്നും മന്ത്രി പറഞ്ഞു. കേരള സർക്കാരിന്റെ മൂന്നാം നൂറ് ദിന കർമ്മപരിപാടിയുടെ ഭാഗമായി എറണാകുളം മറൈൻഡ്രൈവിൽ വച്ച് മൂല്യ വർദ്ധിത ഉത്പന്നങ്ങളുടെ ഓൺലൈൻ വിപണന ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി.

ഇന്ത്യയിൽ എവിടെയുമുള്ള പൊതുജനങ്ങൾക്ക് ഇനിമുതൽ ആമസോൺ, ഫ്ലിപ്കാർട്ട് വഴി കേരളാഗ്രോ ബ്രാൻഡിലുള്ള ഉത്പന്നങ്ങൾ വാങ്ങാമെന്ന് മന്ത്രി പറഞ്ഞു. ആദ്യഘട്ടത്തിൽ 100 ഉത്പ്പന്നങ്ങളെ ഓൺലൈനിൽ ലഭ്യമാക്കുവാൻ ലക്ഷ്യമിട്ട സ്ഥാനത്ത് 131 ഉത്പന്നങ്ങളെ ഓൺലൈനിലേക്കെത്തിക്കുവാൻ സാധിച്ചു. ഇത്തരത്തിൽ കർഷകരുടേതുൾപ്പടെ കൂടുതൽ ഉത്പ്പന്നങ്ങൾ ഓൺലൈനിലേക്കെത്തിക്കും. കൂടാതെ കർഷകരുടെ ഉത്പന്നങ്ങൾക്ക് കൂടുതൽ വിപണി കണ്ടെത്തുന്നതിന്റെ ഭാഗമായി ബിസിനസ് മീറ്റുകൾ സംഘടിപ്പിക്കുമെന്നും അതിന്റെ ആദ്യഘട്ടമായി തിരുവനന്തപുരത്ത് വച്ച് നടത്തിയ വൈഗ എക്സിബിഷനിലെ ബി ടു ബി മീറ്റിൽ 39.76 കോടി രൂപയുടെ ഉത്പന്നങ്ങൾക്ക് വിപണി കണ്ടെത്തിയെന്നും മന്ത്രി പറഞ്ഞു.

കൃഷിവകുപ്പിന്റെ 'ഞങ്ങളും കൃഷിയിലേക്ക്' പദ്ധതി കേരളത്തിൽ വലിയൊരു മുന്നേറ്റമാണ് സൃഷ്ടിച്ചത്. 23,000ത്തോളം പ്രവർത്തന നിരതമായ കൃഷിക്കൂട്ടങ്ങൾ ഈ ക്യാമ്പയിന്റെ ഭാഗമായി തയ്യാറാക്കുവാൻ കഴിഞ്ഞു. ഇത്തരത്തിൽ കൂട്ടായ്മകളിലൂടെ കർഷകർ ഉത്പാദിപ്പിക്കുന്ന ഉത്പന്നങ്ങളെ മൂല്യവർദ്ധനവ് വരുത്തി കർഷകർക്ക് മികച്ച വരുമാനം ഉറപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് കൃഷിവകുപ്പ് നേതൃത്വം നൽകുന്നുണ്ട്. മൂല്യ വർദ്ധന പ്രവർത്തനങ്ങൾക്ക് ഉത്തേജനം നൽകുന്നതിന്റെ ഭാഗമായി മൂല്യ വർദ്ധിത കൃഷി മിഷൻ രൂപീകരിച്ചു.

ആകർഷകമായ പാക്കിങ്ങിനോടൊപ്പം അന്താരാഷ്ട്രനിലവാരം ഉറപ്പുവരുത്തുന്നതിനായി കർഷകർക്ക് പാക്കേജിങ് സാങ്കേതികവിദ്യകളിൽ പരിശീലനം നൽകുന്നതിനായി ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാക്കേജിങ്ങുമായി ധാരണപത്രം ഒപ്പുവയ്ക്കുകയും, ആദ്യഘട്ട പരിശീലന പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്തു. വിവിധ കാർഷിക ഉത്പന്നങ്ങളുടെ വിപണി ഉറപ്പാക്കുന്നതിന്റെ ഭാഗമായി സിയാൽ മാതൃകയിൽ കർഷകരുടെ കൂടെ പങ്കാളിത്തമുള്ള കേരള അഗ്രി ബിസിനസ് കമ്പനി(KABCO) ഉടനെ പ്രവർത്തനമാരംഭിക്കുമെന്നും മന്ത്രി പറഞ്ഞു.

മറൈൻഡ്രൈവിൽ നടക്കുന്ന സഹകരണ എക്സ്പോയിലെ കേരളാഗ്രോ സ്റ്റാൾ ഉത്ഘാടനം, 'കാർഷിക അനുബന്ധ മേഖലയും സഹകരണ സ്ഥാപനങ്ങളും - ആധുനിക കാഴ്ചപ്പാടുകൾ' സെമിനാർ ഉത്ഘാടനം, കേരളാഗ്രോ കിയോസ്കുകളുടെ അനാച്ഛാദനം എന്നിവ ബഹു. കൃഷിമന്ത്രി നിർവ്വഹിച്ചു.

എറണാകുളം എംഎൽഎ ശ്രീ. ടി.ജെ. വിനോദിന്റെ അധ്യക്ഷതയിൽ സംഘടിപ്പിച്ച വിപണനോദ്ഘാടന വേദിയിൽ കേരളാഗ്രോ ബ്രാൻഡുമായി ബന്ധപ്പെടുത്തി സംഘടിപ്പിച്ച മത്സര വിജയികൾക്കുള്ള സമ്മാനദാനം കൊച്ചി കോർപ്പറേഷൻ മേയർ ശ്രീ. എം. അനിൽകുമാർ, എറണാകുളം ശ്രീ. എം.പി. ഹൈബി ഈഡൻ, എറണാകുളം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. ഉല്ലാസ് തോമസ് എന്നിവർ നിർവഹിച്ചു. വേദിയിൽ മുതിർന്ന കർഷക ശ്രീമതി. എൽസി ജോർജിനെ മന്ത്രി ആദരിച്ചു. ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീമതി. സനിത റഹീം, കൃഷി ഡയറക്ടർ ശ്രീമതി. അഞ്ജു കെ.എസ് ഐ എ എസ്, എറണാകുളം പ്രിൻസിപ്പൽ കൃഷി ഓഫീസർ ശ്രീമതി. ഷീല പോൾ തുടങ്ങിയവർ സംസാരിച്ചു.

ഫോൺ : 0471 2317314, 2314358, 2318186, e-mail : piofibtvm@gmail.com, harithadalam@gmail.com
Published by Sreekala S., Principal Information Officer for Farm Information Bureau, Kowdiar P.O., Tvpm-3. Govt. of Kerala;
Editor: Dr. Binu Hariat Ivan., Design & Layout : Maya Santhosh